"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി -2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മാനേജർ,ശ്രീ. ശബരീശ കോളേജ്, കരിനിലം, (പി.ഒ) കോട്ടയം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി- ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.418/2026/ID തീയതി,തിരുവനന്തപുരം, 07-04-2026

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 16/08/2024 തീയതിയിലെ DOKOT-DMG/1111/2024-G2 നമ്പർ ഡിമാന്റ് നോട്ടീസ്.
2. മാനേജർ,ശ്രീ. ശബരീശ കോളേജ്, കരിനിലം, (പി.ഒ) കോട്ടയം കെ.എം.സി.സി ചട്ടങ്ങൾ പ്രകാരം സമർപ്പിച്ച 10/11/2024 ലെ അപ്പീൽ അപേക്ഷ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 18/01/2026 ലെ ഡിഎംജി /407/2026-എം2 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക് വില്ലേജിൽ ബ്ലോക്ക്-26 ൽ, റീസർവെ നം. 318 ൽപ്പെട്ടതും ഹിൽമെന്റ് സെറ്റിൽമെന്റ് ആയിട്ടുള്ളതുമായ സ്ഥലത്ത് അനധികൃതമായി പാറ ഖനനം നടത്തുന്നതായി ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം കോട്ടയം ജില്ലാ മിനറൽ സ്ക്വാഡ് പരിശോധന നടത്തിയതിൽ 68 മീറ്റർ നീളത്തിലും ശരാശരി 9.5 മീറ്റർ വീതിയിലും ശരാശരി 2.475 മീറ്റർ ആഴത്തിലുമായി 1598.85 ക്യൂബിക് മീറ്റർ കരിങ്കലും കൂടാതെ 68 മീറ്റർ നീളത്തിലും ശരാശരി 16 മീറ്റർ വീതിയിലും ശരാശരി 2 മീറ്റർ ആഴത്തിലുമായി 2176 ക്യൂബിക് മീറ്റർ സാധാരണ മണ്ണും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് കാരണം കാണിക്കൽ നോട്ടീസ് നൽകി 24/06/2024 തീയതിയിൽ ഹാജരായി രേഖാമൂലം വിശദികരണം ബോധിപ്പിക്കുവാൻ അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും ആയതിൽ ടിയാൻ സമർപ്പിച്ച മറുപടിയും അതോടൊപ്പം സമർപ്പിച്ച രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരനെ അനധികൃത ഖനനം ചെയ്ത നടപടികളിൽ നിന്നും ഒഴിവാക്കാൻ പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 1598.85 ക്യൂബിക് മീറ്റർ (3997.13 മെട്രിക് ടൺ) കരിങ്കല്ലിന് 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം ടണ്ണിന് 48/- രൂപ നിരക്കിൽ 5 മടങ്ങ് റോയൽറ്റി (3997.13 MT x 48 x 5 = 9,59,310) 9,59,310 /-രൂപയും, അനധികൃതമായി ഖനനം ചെയ്ത നീക്കിയ 2176 ക്യൂബിക് മീറ്റർ (4352 മെട്രിക് ടൺ) സാധാരണ മണ്ണിന് 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം ടണ്ണിന് 40/-രൂപ നിരക്കിൽ 5 മടങ്ങ് റോയൽറ്റി (4352 MT x 40 x 5 = 8,70,400) 8,70,400/-രൂപയും, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 100000/-രൂപയും ഉൾപ്പെടെ ആകെ **19,29,710/-രൂപ (പത്തൊൻപത് ലക്ഷത്തി ഇരുപത്തോമ്പതിനായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം)** ഒടുക്കി കുറ്റം രാജിയാക്കുവാൻ 04/09/2024 വരെ അവസരം ഉണ്ടായിരിക്കുന്നതാണെന്നും ടി കാലയളവിനുള്ളിൽ കുടിശ്ശിക ഒടുക്കാത്ത പക്ഷം 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ 108(2)

പ്രകാരം റോയൽറ്റി/വില/കോമ്പൗണ്ടിംഗ് ഫീസ് എന്നിങ്ങനെ ആകെ **19,29,710/-രൂപ 12%** സാധാരണ പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം 16/08/2024 തീയതിയിൽ കോട്ടയം സ്ക്വാഡ് വിഭാഗം ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം മാനേജർ, ശ്രീശബരീശ കോളേജ് അപ്പീൽ ഹർജി സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഹർജിയുടെയും അപ്പീൽ വിഷയവുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 44905/2024 നമ്പർ റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി 17/12/2024 ന് പുറപ്പെടുവിച്ച വിധിന്യായത്തിനെറയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 03/01/2026 ന് നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷിയും ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

2) ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2015 ലെ, കേരള മിനറൽ കൺസഷൻ റൂൾസ്, റൂൾ 106 അനുസരിച്ച് കൺസ്ട്രക്ഷൻ ഓഫ് കോമൺ ഫെസിലിറ്റീസിന് ക്വാറിയിംഗ് പെർമിറ്റ് ആവശ്യമില്ലാത്തതാകുന്നു. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണം കൺസ്ട്രക്ഷൻ ഓഫ് കോമൺ ഫെസിലിറ്റീസിൽ ഉൾപ്പെടുന്നതാണ്. ട്രൈബൽ സംഘടനായ എെൈക്യമല അരയ മഹാസഭയുടെ വിദ്യാഭ്യാസ ഏജൻസിയായ മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ഗവ.എയ്ഡഡ് ആർട്സ് & സയൻസ് കോളേജായ ശ്രീ. ശബരീശ കോളേജിന്റെ ലേഡീസ് ഹോസ്റ്റലിനു വേണ്ടിയാണ് ഖനന ഭൂവിജ്ഞാന വകുപ്പ്, ജില്ലാ ഓഫീസ് കോട്ടയത്തിന്റെ 16-08-2024 ലെ നം.DOKOT-DMG/111/2024-G2 ആയുള്ള ജിയോളജിസ്റ്റ് സ്ക്വാഡ് വിഭാഗത്തിന്റെ ഡിമാന്റ് നോട്ടീസിൽ പ്രതിപാദിക്കുന്ന ഖനനം നടത്തിയിട്ടുള്ളത്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി താമസിച്ച് അധ്യയനം നടത്തുന്നതിനാണ് പ്രസ്തുത ലേഡീസ് ഹോസ്റ്റൽ ശ്രീ.ശബരീശ കോളേജ് ക്യാമ്പസിൽ നിർമ്മിച്ചു വരുന്നത്. ടി പ്രദേശം ഹിൽമെന്റ് സെറ്റിൽമെന്റിൽ പട്ടിക വർഗ്ഗ സങ്കേതത്തിൽ ഉൾപ്പെട്ടതുമാണ്. പ്രസ്തുത ശ്രീ. ശബരീശ കോളേജിന്റെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവർത്തന ത്തോടനുബന്ധിച്ചുള്ള ഖനന പ്രവർത്തനത്തെ സംബന്ധിച്ച് ഖനന ഭൂവിജ്ഞാന വകുപ്പ്, ജില്ലാ ഓഫീസ് കോട്ടയത്തും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലും അറിയിച്ചിട്ടുള്ളതും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത ഖനന ധാതുക്കൾ ശ്രീ. ശബരീശ കോളേജ് ക്യാംപസിന് വെളിയിലേക്ക് കൊണ്ടു പോയിട്ടില്ലാത്തതാകുന്നു. ശ്രീ. ശബരീശ കോളേജിന്റെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം 2015- ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, റൂൾ 106 ന്റെ പരിധിയിൽ വരുന്നതിനാൽ ക്വാറിയിംഗ് പെർമിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ഖനന ഭൂവിജ്ഞാന വകുപ്പ്, ജില്ലാ ഓഫീസ് കോട്ടയത്തിന്റെ 16-08-2024 ലെ നം. DOKOT-DMG/1111/2024-G2 ആയുള്ള ഡിമാന്റ് നോട്ടീസ് നിയമപരമായോ വസ്തുതാപരമായോ നിലനിൽക്കുന്നതല്ല.

ഡിമാന്റ് നോട്ടീസിൽ വിവരിക്കുന്ന കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക് വില്ലേജിൽ ബ്ളോക്ക് 26-ൽ റീസർവ്വേ നമ്പർ 318 ൽ 44 ആർ ഭൂമി 01.01.1977 ന് മുമ്പ് തന്നെ പ്രസ്തുത ഭൂമിയുടെ മുൻഗാമികളുടെ കൈവശത്തിലിരുന്നതും പ്രസ്തുത ഭൂമി എെൈക്യ മല അരയ മഹാസഭ വിവിധ ഘട്ടങ്ങളിലായി കരാറുകൾ പ്രകാരം വാങ്ങിയിട്ടുള്ളതും 13.052024 ൽ വില്ലേജ് ഓഫീസർ എരുമേലി വടക്ക് നമ്പർ 520/2024 ആയി അവസാനമായി കൈവശാവകാശ സർട്ടിഫിക്കറ്റ് എെൈക്യ മല അരയമഹാസഭയ്ക്ക് നല്കിയിട്ടുള്ളതാകുന്നു. ഒരു നൂറ്റാണ്ടോളമായി ടി പ്രദേശത്ത് ആയിരക്കണക്കിന് ആളുകൾ അധിവസിക്കുന്നതുമാണ്. ഡിമാന്റ് നോട്ടീസിൽ പ്രതിപാദിക്കുന്ന തരത്തിൽ 68 മീറ്റർ നീളത്തിലും ശരാശരി 9.5 മീറ്റർ വീതിയിലും ശരാശരി 2.475 മീറ്റർ ആഴത്തിലുമായി 1598.85 ക്യൂബിക് മീറ്റർ കരിങ്കല്ലും കൂടാതെ 68 മീറ്റർ നീളത്തിലും ശരാശരി 16 മീറ്റർ വീതിയിലും ശരാശരി 2 മീറ്റർ

ആഴത്തിലുമായി 2176 ക്യൂബിക് മീറ്റർ സാധാരണ മണ്ണും അനധികൃതമായി ഖനനം ചെയ്ത് അപ്പലന്റ് നീക്കിയിട്ടില്ലാത്തതാകുന്നു. മേൽ വിവരിച്ച അളവുകൾ ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിലുള്ളതും വസ്തുതാപരമായി നിലനിൽക്കാത്തതുമാണ്.ജില്ലാ മിനറൽ സ്ക്വാഡിന്റെ പരിശോധനയെ സംബന്ധിച്ച് അപ്പലന്റിനോ ബന്ധപ്പെട്ട മറ്റുള്ളവർക്കോ യാതൊരുവിധ അറിവുമുള്ളതല്ല. 18.06.2024 ലെ ജില്ലാ മിനറൽ സ്ക്വാഡിന്റെ സ്ഥലപരിശോധന മഹസറിന്റെ കോപ്പി നാളിതുവരെയായും അപ്പലന്റിന് ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. പ്രസ്തുത മഹസർ ലഭ്യമാക്കാത്ത നടപടി സ്വാഭാവിക നീതിയുടെ ലംഘനവും ബഹു. കേരള ഹൈക്കോടതിയുടെ ബിജു കെ വർഗ്ഗീസ് VS ജിയോളജിസ്റ്റ് (2020(6)KLT 317) എന്ന വിധി ന്യായത്തിന്റെ ലംഘനവുമാകയാൽ നിയമപരമായോ വസ്തുതാപരമായോ പ്രസ്തുത ഡിമാന്റ് നോട്ടീസ് നിലനിൽക്കുന്നതല്ല.

കൂടാതെ ഡിമാന്റ് നോട്ടീസിൽ പ്രതിപാദിക്കുന്ന ഖനനം നടത്തിയത് ശ്രീ. ശബരീശ കോളേജ് ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് വേണ്ടിയാണെന്നും ശ്രീ.ശബരീശ കോളേജിന്റെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് മാത്രമേ ടി ഖനന വസ്തുക്കൾ ഉപയോഗിക്കുകയുള്ളൂയെന്നും ടി കെട്ടിടം ടി കോളേജിന്റെ ലേഡീസ് ഹോസ്റ്റലിന്റെ ആവശ്യത്തിലേക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂയെന്നും ടി ഖനന വസ്തുക്കൾ കോളേജ് ക്യാംപസിന്റെ പുറത്തേക്കു കൊണ്ടുപോകുന്നതല്ലെന്നും അല്ലാത്ത പക്ഷം അപ്പീൽവാദി നിയമനടപടികൾ നേരിടുവാൻ തയ്യാറെന്നും ആയതിനാൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ 16/08/2024- ലെ നം. DOKOT-DMG/1111/2024-G2 ആയുള്ള ഖനന ഭൂവിജ്ഞാന വകുപ്പ് ജില്ലാ ആഫീസ് കോട്ടയം (ജിയോളജിസ്റ്റ് സ്ക്വാഡ് വിഭാഗം) പുറപ്പെടുവിച്ച ഡിമാന്റ് നോട്ടീസ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടു.

3. അപ്പീൽ അപേക്ഷയിന്മേൽ ഡി.എം.ജി ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക് വില്ലേജിൽ ബ്ലോക്ക് - 26 , റീസർവ്വേ നം. **3 1 8** ൽപ്പെട്ടതും ഹിൽമെന്റ് സെറ്റിൽമെന്റ് ആയിട്ടുള്ളതുമായ സ്ഥലത്ത് അനധികൃതമായി പാറ ഖനനം നടത്തുന്നതായി ജില്ലാ കളക്ടർ, കോട്ടയം മുമ്പാകെ ശ്രീമതി. ആശ ജെയിംസ്, ചിറയപ്പറമ്പിൽ വീട്, കരിനിലം പി.ഒ., മുണ്ടക്കയം എന്ന വ്യക്തി **2/5/2024** തീയതിയിൽ സമർപ്പിച്ച പരാതിയും, ടി സ്ഥലത്തെ അനധികൃത ധാതു ഖനനത്തിന് നിരോധന ഉത്തരവ് നല്കിയിട്ടുള്ളതായി കാഞ്ഞിരപ്പള്ളി തഹസിൽദാരുടെ **17/05/2024–TLKKPY/ 900/2024/J1** നമ്പർ കത്തും തുടർനടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ ആഫീസിലേക്ക് അയച്ച നല്കിയിരുന്നു. കത്തുകളുടെ അടിസ്ഥാനത്തിൽ പരാതിക്കാസ്പദമായ സ്ഥലം **18/06/2024** തീയതിയിൽ കോട്ടയം ജില്ലാ മിനറൽ സ്ക്വാഡ് പരിശോധന നടത്തി മഹസ്സർ തയ്യാറാക്കുകയും ചെയ്തു. പരിശോധനയിൽ ടി സ്ഥലത്തു നിന്നും താഴെ പറയുന്ന അളവിൽ കരിങ്കല്ലും സാധാരണ മണ്ണും ഖനനം ചെയ്തു നീക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടിരുന്നു.

**കരിങ്കല്ല്**

**68** മീറ്റർ നീളം **x** ശരാശരി **9.5** മീറ്റർ വീതി **x** ശരാശരി **2.475** മീറ്റർ ആഴം = **1598.85** ക്യൂബിക് മീറ്റർ

**സാധാരണ മണ്ണ്**

**68** മീറ്റർ നീളം **x** ശരാശരി **16** മീറ്റർ വീതി **x** ശരാശരി **2** മീറ്റർ ആഴം = **2176** ക്യൂബിക് മീറ്റർ

ടി അനധികൃത ഖനനം നടത്തിയതിന് വിശദീകരണം ജില്ലാ ആഫീസിൽ ഹാജരായി രേഖാമൂലം ബോധിപ്പിക്കുന്നതിന് മാനേജർ, ശ്രീ.ശബരീശാ കോളേജ്, മുരിക്കുംവയൽ, കരിനിലം പി.ഒ., എന്നിവർക്ക് **18/06/2024** തീയതിയിൽ ജില്ല ആഫീസിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. തുടർന്ന് **24/06/2024** തീയതിയിൽ ടിയാനെ ജില്ലാ ഓഫീസ് നേരിൽ കേൾക്കുകയും ഹിയറിങിന്റെ അന്ന് ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. മറുപടിയും മറുപടിയോടൊപ്പമുള്ള അനുബന്ധ രേഖകളും പരിശോധിച്ചതിൽ **2015** ലെ കേരള മൈനർ കൺസഷൻ ചട്ടങ്ങൾ

പ്രകാരമുള്ള തുടർനടപടികളിൽ നിന്നും ഒഴിവാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ **2015** ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം **108 (2)** പ്രകാരം അനധികൃതമായി ഖനനം ചെയ്ത **1598.85** ക്യൂബിക് മീറ്റർ **(3997.13** മെട്രിക് ടൺ) കരിങ്കല്ലിന് ടണ്ണിന് **48/-** രൂപ നിരക്കിൽ **5** മടങ്ങ് **(3997.13 MT x 48 x 5 = 9,59,310/-** രൂപയും അനധികൃതമായി ഖനനം ചെയ്ത നീക്കിയ **2176** ക്യൂബിക് മീറ്റർ **(4352** മെട്രിക് ടൺ) സാധാരണ മണ്ണിന് ടണ്ണിന് **40/-** രൂപ നിരക്കിൽ **5** മടങ്ങ് **(4352 MT x 40 x 5 = 8,70,400) 8,70,400/-** രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ **1,00,000/-** രൂപയും ഉൾപ്പടെ **19,29,710/-** രൂപ ഒടുക്കി കുറ്റം രാജിയാക്കുന്നതിന് **16/08/2024** തീയതിയിൽ ജില്ലാ ഓഫീസിൽ നിന്നും ഡിമാന്റ് നോട്ടീസും നല്കിയിരുന്നു. ടി ഡിമാന്റ് നോട്ടീസിനെതിരെയാണ് മാനേജർ, ശ്രീ.ശബരീശാ കോളേജ്, മുരിക്കുംവയൽ, കരിനിലം പി.ഒ., എന്നിവർ സർക്കാരിൽ അപ്പീൽ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.അനധികൃതമായി സാധാരണ മണ്ണ്, കരിങ്കല്ല് എന്നിവ ഖനനം ചെയ് സാഹചര്യത്തിൽ **2015-** ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാമുള്ള കുടിശ്ശിക തുക അടയ്ക്കാൻ മാനേജർ, ശ്രീ. ശബരീശാ കോളേജ്, മുരിക്കുംവയൽ, കരിനിലം പി.ഒ. , എന്നിവർ ബാദ്ധ്യസ്ഥനായതിനാൽ അപ്പീലിൽ സ്റ്റേ അനുവദിക്കരുതെന്നും, കെ.എം.സി.സി റൂൾ **14(1)** പ്രകാരം തുക അടയ്ക്കുവാൻ ഹർജിക്കാരന് നിർദ്ദേശം നല്കി അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകേണ്ടതാണ്.

**4.** അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക് വില്ലേജിൽ ബ്ലോക്ക്-26 ൽ, റീസർവെ നം. 318 ൽപ്പെട്ട സ്ഥലത്ത് അനധികൃത ഖനനം നടക്കുന്നുവെന്ന് പരാതി ലഭിച്ചതു പ്രകാരം ജില്ലാ കളക്ടറും തഹസിൽദാരും ജിയോളജി വകുപ്പിന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ മിനറൽ സ്ക്വാഡ് പരിശോധന നടത്തിയത്. പരിശോധനയിൽ ടി സ്ഥലത്ത് നിന്നും അനുമതി ലഭ്യമാക്കാതെ മണ്ണും കരിങ്കല്ലും ഖനനം നടത്തി നീക്കം ചെയ്തതായി ബോദ്ധ്യപ്പെടുകയും അതനുസരിച്ച് മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ധാതു ഖനനം നടത്തി നീക്കം ചെയ്യണമെങ്കിൽ റോയൽറ്റി ഒടുക്കി മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. അപ്പീൽ കക്ഷി അനധികൃത ഖനനം നടത്തി ധാതു നീക്കം ചെയ്തിട്ടുള്ളതിനാൽ കെ.എം.സി.സി ചട്ടം 108 (2) പ്രകാരം പെനാൽറ്റി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ 16/08/2024-ൽ ജില്ല ജിയോളജിസ്റ്റ് നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതനുസരിച്ചുള്ള തുക കക്ഷിയിൽ നിന്നും പലിശ സഹിതം അടിയന്തരമായി ഈടാക്കുവാൻ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി കൊണ്ടും മാനേജർ,ശ്രീ. ശബരീശ കോളേജ്, കരിനിലം, (പി.ഒ) കോട്ടയം നൽകിയ അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം കോടതി വിധി പാലിച്ചും കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

മാനേജർ,ശ്രീ. ശബരീശ കോളേജ്, കരിനിലം, (പി.ഒ) കോട്ടയം, **686513**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 07-04-2026 11:05:02

സെക്ഷൻ ഓഫീസർ